ഉത്തരം

(എ & ബി) ഹൈസ്ക്കൂളുകളിൽ നിലവിലുണ്ടായിരുന്ന ലൈബ്രറി സൗകര്യം ടി സ്ക്കൂളുകളിലെ ഹയർ സെക്കന്ററി വിഭാഗത്തിനും ലഭ്യമാണ്.

(സി) അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി ലൈബ്രറി സൗകര്യം കുട്ടികൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഇടക്കുന്നം ഗവൺമെന്റ് യു. പി. സ്ക്കൂൾ ടെക്നിക്കൽ ഹൈസ്ക്കൂളാക്കാൻ നടപടി

24 [1125] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ നൂറനാട് പഞ്ചായത്തിൽ ഇടക്കുന്നം ഗവൺമെന്റ് യു. പി. സ്ക്കൂൾ, ടെക്നിക്കൽ ഹൈസ്ക്കൂൾ ആക്കുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രസ്തുത സ്ക്കൂൾ ടെക്നിക്കൽ ഹൈസ്ക്കൂൾ ആയി എന്നത്തേക്ക് അനുവദിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ;

(സി) ടെക്നിക്കൽ ഹൈസ്ക്കൂൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇടക്കുന്നം ഗവൺമെന്റ് യു. പി. സ്ക്കൂൾ ടെക്നിക്കൽ ഹൈസ്ക്കൂൾ ആക്കുന്നതിനുള്ള അപേക്ഷ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ടെക്നിക്കൽ ഹൈസ്ക്കൂൾ അനുവദിക്കുന്നതിന് കുറഞ്ഞത് 3 ഏക്കർ സ്ഥലമെങ്കിലും ഉണ്ടായിരിക്കണം. വർഷം 90 വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കണമെങ്കിൽ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

(1) അഡ്മിനിസ്ട്രേഷൻ	—	120	ചതുരശ്ര മീറ്റർ
(2) ക്ലാസ്സ് റൂം 6X45 ചതുരശ്ര മീറ്റർ	—	270	,, ,,
(3) ഡ്രായിംഗ് ഹാൾ 2X75 ചതുരശ്ര മീറ്റർ	—	150	,, ,,
(4) സയൻസ് ലാബ്	—	200	,, ,,
(5) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ലാബ്	—	150	,, ,,
(6) ലൈബ്രറി, റീഡിംഗ് റൂം മുതലായവ	—	150	,, ,,
(7) അദ്ധ്യാപക മുറി	—	80	,, ,,
(8) സ്റ്റോർ	—	60	,, ,,
(9) വർക്ക്ഷോപ്പുകൾ	—	1250	,, ,,

LIBRARY ARCHIVES Kerala Legislative Assembly